# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 23.10.2025**

### പ്രധാനവാർത്തകൾ

1) വികസിത ഭാരതമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ മുൻ രാഷ്ട്രപതി കെ.ആർ.നാരായണൻ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ നിർണായക പങ്ക് വഹിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2) പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച കെ.ആർ.നാരായണന്റെ ജീവിതം യുവജനങ്ങൾക്ക് പ്രചോദനമെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്.

3) ശ്രീ നാരായണ ഗുരു മഹാസമാധി ശതാബ്ദി സമ്മേളനം ശിവഗിരിയിൽ അൽപസമയത്തിനകം രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും; പാലാ സെന്റ് തോമസ് കോളേജിൻറെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തിലും ശ്രീമതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും.

4) ഒക്ടോബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ തിങ്കളാഴ്ച മുതൽ വിതരണം ചെയ്യുമെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ.

5) ശബരിമലയിലെ സ്വർണപാളി ക്രമക്കേടുമായി ബന്ധപ്പെട്ട കേസിൽ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു അറസ്റ്റിൽ.

RNU TVPM

6) **സംസ്ഥാന സ്കൂൾ കായികമേളയിൽ 670 പോയിന്റുമായി തിരുവനന്തപുരം മുന്നിൽ; കണ്ണൂരും തൃശൂരും രണ്ടും മൂന്നും സ്ഥാനങ്ങളിൽ.**

❁❁❁❁❁❁❁❁❁❁❁❁❁

**<u>രാഷ്ട്രപതി - തിരുവനന്തപുരം (ഇൻട്രോ)</u>**

വികസിത ഭാരതമെന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിന് ഊർജ്ജം പകരാൻ മുൻ രാഷ്ട്രപതി കെ.ആർ.നാരായണൻ ഉയർത്തിപ്പിടിച്ച ധാർമികതയും അർപ്പണബോധവുമടക്കമുള്ള മൂല്യങ്ങൾ നിർണായക പങ്ക് വഹിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

രാജ്ഭവനിൽ കെ ആർ നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. അദ്ദേഹം മുറുകെപ്പിടിച്ചു ജനാധിപത്യ ചിന്തയും മാനുഷിക മൂല്യങ്ങളും എക്കാലവും മാതൃകയായി തുടരുമെന്നും ശ്രീമതി ദ്രൗപദി മുർമു പറഞ്ഞു.

(ഹോൾഡ് - വോയിസ്)

ഗവർണർ രാജേന്ദ്ര ആർലേക്കർ , മുൻ രാഷ്ട്രപതി റാം നാഥ് കോവിന്ദ്, ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

**<u>രാംനാഥ് കോവിന്ദ് (ഇൻട്രോ)</u>**

പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച കെ.ആർ.നാരായണന്റെ ജീവിതം രാജ്യത്തെ യുവജനങ്ങൾക്ക് പ്രചോദനമായിരിക്കുമെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് പറഞ്ഞു. കേരളത്തിലെ ഒരു ഗ്രാമത്തിൽ നിന്ന്

PNUTVPM

രാജ്യത്തിന്റെ പ്രഥമ പൗരനെന്ന നിലയിലേയ്ക്ക് ഉയർന്ന അദ്ദേഹത്തിന്റെ കഠിനാധ്വാനം ഏവർക്കും മാതൃകയാണെന്നും ശ്രീ.രാംനാഥ് കോവിന്ദ് അഭിപ്രായപ്പെട്ടു.

(ഹോൾഡ് - വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## രാഷ്ട്രപതി - ശിവഗിരി

ശ്രീ നാരായണ ഗുരു മഹാസമാധി ശതാബ്ദിയുടെ 2028 വരെ നീണ്ടു നിൽക്കുന്ന ആഗോള തല പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിക്കാനായി രാഷ്ട്രപതി ദ്രൗപദി മുർമു ശിവഗിരിയിലെത്തി. മഹാ സമാധിയിൽ രാഷ്ട്രപതി പ്രണാമമർപ്പിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ, ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, മന്ത്രിമാരായ വി.എൻ.വാസവൻ, വി.ശിവൻകുട്ടി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കുന്നു. സന്ദർശനത്തോടനുബന്ധിച്ച് വർക്കലയിൽ കർശന സുരക്ഷയും ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## രാഷ്ട്രപതി -കോട്ടയം (ഇൻട്രോ)

പാലാ സെന്റ് തോമസ് കോളേജ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഇന്നു വൈകിട്ട് നാലു മണിക്ക് രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## രാഷ്ട്രപതി - എറണാകുളം

നാളെ, എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ ശ്രീമതി ദ്രൗപദി മുർമ്മു പങ്കെടുക്കും. നാളെ വൈകിട്ട് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഡൽഹിക്ക് മടങ്ങും.

❁❁❁❁❁❁❁❁❁❁❁❁❁

## രാജ്നാഥ് സിങ്ങ് - കോൺഫറൻസ്

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യൻ നാവികസേനയുടെ കമാൻഡേർസ് കോൺഫറൻസിനെ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ഇന്ന് അഭിസംബോധന ചെയ്യും. 2047 ൽ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള രാജ്യത്തിന്റെ പ്രവർത്തനങ്ങൾ അദ്ദേഹം പങ്കുവെക്കും. സേനാ മേധാവിമാർ, നാവിക കമാൻഡർമാർ തുടങ്ങിയവർ സമ്മേളനത്തെ അഭിസംബോധന ചെയ്യും. മൂന്ന് ദിവസം നീളുന്ന സാമ്മേളനം ഇന്നലെയാണ് ആരംഭിച്ചത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## കെ.എൻ.ബാലഗോപാൽ

ഒക്ടോബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ തിങ്കളാഴ്ച മുതൽ വിതരണം ചെയ്യുമെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ. 812 കോടി ഇതിനായി അനുവദിച്ചിട്ടുണ്ട്. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപ വീതം

ലഭിക്കുന്നത്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 214 കോടി രൂപകൂടി അനുവദിച്ചെന്ന് മന്ത്രി അറിയിച്ചു. ഈ സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ടിന്റെ ഏഴാം ഗഡുവാണ് അനുവദിച്ചത്.

## റോഡ് വികസന പദ്ധതികൾ

പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി 274 കോടി രൂപയുടെ 55 റോഡ് വികസന പദ്ധതികൾ മന്ത്രി മുഹമ്മദ് റിയാസ് ഇന്ന് ഉദ്ഘാടനം ചെയ്യും. 195 കോടി രൂപ ചിലവഴിച്ച് ആധുനിക നിലവാരത്തിൽ നവീകരിച്ച 31 റോഡുകൾ നാടിന് സമർപ്പിക്കും. 65.91 കോടി രൂപയുടെ 24 റോഡുകളുടെ നവീകരണ പദ്ധതികൾക്കും തുടക്കം കുറിക്കും. ആറന്മുള കായംകുളം അടൂർ മാവേലിക്കര കോന്നി നിയോജക മണ്ഡലങ്ങളിലെ റോഡ് വികസന പദ്ധതികൾക്കാണ് ഇന്ന് തുടക്കമാവുന്നത്.

## ശബരിമല - അന്വേഷണ സംഘം

ശബരിമലയിലെ സ്വർണപാളി ക്രമക്കേടുമായി ബന്ധപ്പെട്ട കേസിൽ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബുവിനെ അറസ്റ്റ് ചെയ്തു. ഇന്നലെ രാത്രി 10 മണിയോടെ

RNU TVPM

പ്രത്യേക അന്വേഷണസംഘം ഇയാളെ കസ്റ്റഡിയിലെടുത്തിരുന്നു. തിരുവനന്തപുരത്തെ ഈഞ്ചക്കലിലെ ക്രൈം ബ്രാഞ്ച് ഓഫീസിൽ ഇയാളെ ചോദ്യംചെയ്തതിന് പിന്നാലെയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.

മുരാരി ബാബുവിനെ ഇന്ന് റാന്നി കോടതിയിൽ ഹാജരാക്കിയേക്കുമെന്നാണ് സൂചന.

## <u>കായിക മേള (ഇൻട്രോ)</u>

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. കായിക മേളയുടെ പ്രധാന ഇനമായ അത്ലറ്റിക്സിനും ഇന്ന് തുടക്കമായി.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**

(വോയിസ്)

## <u>ഇന്ത്യ- ഓസ്ട്രേലിയ ക്രിക്കറ്റ്</u>

ഓസ്ട്രേലിയക്കെതിരായ രണ്ടാം ഏകദിനത്തിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 46 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 238 റൺസെടുത്തിട്ടുണ്ട്. ഇന്ത്യയ്ക്കായി രോഹിത് ശർമ്മയും ശ്രേയസ് അയ്യരും അർദ്ധ സെഞ്ച്വറി നേടി.

RNU TVPM

## വനിത ഏകദിന ക്രിക്കറ്റ്

ഐ.സി.സി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ, ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും. ഉച്ചകഴിഞ്ഞ് 3 മണിക്ക് മുംബൈയിലാണ് മത്സരം.

☸☸☸☸☸☸☸☸☸☸☸☸☸

## മഴ

സംസ്ഥാനത്ത് അതി ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട , കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് എന്നീ 9 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RIUTVPM

☸☸☸☸☸☸☸☸☸☸☸☸☸

## കണ്ണൂർ - ജി.എസ്.ടി (ഇൻട്രോ)

പുതിയ തലമുറ ജി.എസ്.ടി. പരിഷ്ക്കരണം സമൂഹത്തിന്റെ നാനാതുറകളിലുള്ളവർക്ക് സഹായകരമാവുകയാണ്. കണ്ണൂരിൽ നിന്ന് കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടത്തോടെ വ്യാപാരം തുടങ്ങി. ബോംബേ ഓഹരി സൂചിക സെൻസെക്സ് 721 പോയിന്റ്

ഉയർന്ന് 85,148 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 205 പോയിന്റ് നേട്ടത്തിൽ 26,073 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു. ഗ്രാമിന് 75 രൂപ കുറഞ്ഞ് 11,465 രുപയും പവന് 600 രൂപ കുറഞ്ഞ് 91,720 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸

RNU TVPM